# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 26, വൈകുന്നേരം 4.00 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

### ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 19 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ കണ്ണൂർ ജില്ലയിൽ 9 പേർക്കും, കാസർഗോഡ് മലപ്പുറം ജില്ലളിൽ നിന്ന് 3 പേർ വീതവും, തൃശ്ശൂർ ജില്ലയിൽ നിന്ന് 2 പേർക്കും ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നിന്ന് ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. എറണാകുളത്ത് ചികിത്സയിലായിരുന്ന 3 കണ്ണൂർ സ്വദേശികളുടെയും 2 വിദേശികളുടെയും ഫലം നെഗറ്റീവ് ആയതിനെതുടർന്ന് ഇന്ന് ഡിസ്ചാർജ്ജ് ചെയ്യും. പത്തനംതിട്ടയിൽ ചികിത്സയിലുണ്ടായിരുന്ന ഒരാളുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. അങ്ങനെ രോഗം സ്ഥിരീകരിച്ച 125 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. - ഇന്ന് 196 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 102003 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 101402 പേർ വീടുകളിലും 601 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 5342 സാമ്പിളുകൾ പരിശോധിച്ചതിൽ 3768 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

### പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

വാർഡ്തല കമ്മറ്റികൾ രൂപീകരിക്കുന്നതിനായും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനായും അവർക്ക് ആവശ്യമായ താമസം, ഭക്ഷണം, വാഹന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വീടുകളിൽ ഭക്ഷണകിറ്റുകൾ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും പഞ്ചായത്ത് തലത്തിൽ ധാന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചു. പ്രത്യേക ശ്രദ്ധവേണ്ട തരംതിരിച്ചുള്ള കണക്ക് അവതരിപ്പിക്കുകയും ചെയ്തു. ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിക്കൽ ജീവനക്കാർ, മെഡിക്കൽ വിദ്യാർത്ഥികൾ, പാലിയേറ്റീവ് കെയർ ജീവനക്കാർ, വൃദ്ധജന പരിപാലകർ എന്നിവരുടെ പട്ടികയും അവതരിപ്പിച്ചു. കൂടാതെ നിലവിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന സ്വകാര്യ ആശുപത്രികളും അവിടെ ലഭ്യമായ കിടക്കകളും അനുബന്ധ സൗകര്യങ്ങളും, ഹോസ്റ്റലുകൾ, പരിശീലന കേന്ദ്രങ്ങൾ, ലോഡ്ജുകൾ മുതലായവയുടെ നഗര-ഗ്രാമ വിധത്തിൽ തരംതിരിച്ചുള്ള കണക്കുകളും അവതരിപ്പിച്ചു. സംസ്ഥാനത്ത് 15433 പ്രവർത്തനക്ഷമമായ വാർഡ് കമ്മിറ്റികൾ ഉണ്ടെന്നും ഇതിൽ 65967 സന്നദ്ധ പ്രവർത്തകർ പഞ്ചായത്ത് തല പ്രവർത്തനങ്ങളിൽ സജീവമായിട്ടുള്ളതായും അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിൽ 176 ഡോക്ടർമാരെ അധികമായി നിയോഗിച്ചിട്ടുള്ളതായും 2131 ജീവനക്കാർക്ക് താമസവും ഭക്ഷണസൗകര്യവും ഒരുക്കിയിട്ടുള്ളതായും അറിയിച്ചു. 212 അഗതികളെ തെരു

വുകളിൽ നിന്നും കണ്ടെത്തി പുന:രധിവസിപ്പിച്ചു. കോവിഡ് കെയർ സെന്ററുകളായി പ്രവർത്തിക്കുന്നതിനായി 2007 കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിഥി തൊഴിലാളി കൾക്കായി 226 ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. 1240 കെട്ടിടങ്ങൾ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഗോഡൗണുകൾ ആക്കാൻ കണ്ടെത്തയിട്ടുണ്ട്.

## അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്

സ്വകാര്യമേഖലയിൽ 879 ആശുപത്രികൾ ഉണ്ടെന്നും ഇവിടെ 69434 കിടക്കകൾ ലഭ്യമാണെന്നും, 5607 വെന്റിലേറ്ററുകളും ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ അതിനോടു ചേർന്ന് 716 ഹോസ്റ്റലുകൾ ഉണ്ടെന്നും 55705 കിടക്കകൾ ലഭ്യമാണെന്നും അറിയിച്ചു. വയനാട്, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ വെന്റിലേറ്ററുകളുടെ ലഭ്യത കുറവാണ്. കാസർഗോഡുള്ള സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലുകൾ കോവിഡ് കെയർ സെന്ററുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ചീഫ് സെക്രട്ടറി

ഇന്ന് കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായി വീഡിയോ കോൺഫറൻസ് നടത്തിയതായും കേരളത്തിൽ ലോക്ക് ഡൗൺ വിജയകരമായി നടപ്പിലാക്കിയതിന് അഭിനന്ദനം അറിയിച്ചു. അതിർത്തികളിലെ വാഹനങ്ങളുടെ വരവ് നിയന്ത്രിക്കണമെന്ന് അറിയിച്ചു. പച്ചക്കറി പലവ്യഞ്ജന കടകളിൽ നിന്ന് വീടുകളിലേക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറി നിർദ്ദേശിച്ചു. അവശ്യസാധനങ്ങൾ വിൽക്കുന്ന കടകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണമെന്നും നിർദ്ദേശിച്ചതായും അദ്ദേഹം അറിയിച്ചു. തമിഴ്നാടിൽ ആശുപത്രികൾ രോഗാണുവിമുക്തമാക്കുന്നുണ്ട്. അതേ മാതൃക എല്ലാ സംസ്ഥാനങ്ങളും അവലംബിക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറി നിർദ്ദേശിച്ചു.

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം സെക്ഷൻ 26 പ്രകാരം മരുന്നുകൾ വീടുകളിൽ എത്തിച്ചുകൊടുക്കാവുന്നതാണ്. മെഡിക്കൽ ഉപകരണങ്ങളുടെ ദൗർലഭ്യത എല്ലാ സംസ്ഥാനത്തും അനുഭവപ്പെടുന്നുണ്ട്. ഇത് ഫാർമസ്യൂട്ടിക്കൽസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുമായി ചർച്ച ചെയ്യാമെന്നും ഇതിനായി ഒരു പൊതുവിതരണ സംവിധാനം തയ്യാറാക്കാമെന്നും ക്യാബിനറ്റ് സെക്രട്ടറി അറിയിച്ചതായി അദ്ദേഹം പറഞ്ഞു. അന്തർ സംസ്ഥാന വാഹനഗതാഗതം തടയണമെന്നും എന്നാൽ ചരക്കുവാഹനങ്ങൾ കടത്തിവിടണമെന്നും അദ്ദേഹം അറിയിച്ചു. പലസ്ഥലങ്ങളിലും നാട്ടിലേക്ക് തിരിച്ചെത്തിക്കാമെന്ന വ്യാജേന ആളുകളെ തെറ്റിദ്ധരിപ്പിച്ച് സംസ്ഥാന അതിർത്തികളിൽ അവരെ ഇറക്കിവിടുന്നതായി വാർത്തകൾ ലഭിക്കുന്നുണ്ട്. ഈ പ്രവണത തടയുന്നതിനായി അഡ്വാൻസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതായും ചീഫ് സെക്രട്ടറി അറിയിച്ചു.

പൊതുമരാമത്ത് വകുപ്പ് വഴി സ്വകാര്യമേഖലയിലുള്ള ആശുപത്രി മുറികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഇവിടങ്ങളിലായി 8112 ഉടൻ താമസയോഗ്യമായ മുറികൾ ഉണ്ടെന്നും അറിയിച്ചു. കൂടാതെ ഇവിടങ്ങളിലെ അറ്റകുറ്റപണികൾ പൊതമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്താമെന്ന് അറിയിച്ചു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുളള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കേരളത്തിലെ ഒ പി, ഐ പി ജില്ലാതിരിച്ചുള്ള കണക്കും അവതരിപ്പിച്ചു. 6 മണിവരെ പ്രവർത്തി സമയം ദീർഘിപ്പിച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കണക്കും വ്യക്തമാക്കി. 2012 നു ശേഷം വിരമിച്ച ഡോക്ടർമാരുടെ പട്ടിക തയ്യാറാക്കിയതായും അറിയിച്ചു. അതിഥി തൊഴിലാളികളുടെ സ്ക്രീനിംഗ് ജില്ലകളിൽ തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ചു. വീടുകളിൽ നിരീക്ഷണത്തിലുള്ളവരെ നിരീക്ഷിക്കുന്ന തിനായുള്ള സന്നദ്ധ പ്രവർത്തകരുടെ കണക്കും വ്യക്തമാക്കി. മറ്റ് പകർച്ചവ്യാധികളുടെ മേൽനോട്ടത്തിനായി ഒരു നിരീക്ഷണ ഉദ്യോഗസ്ഥനെ ജില്ലകളിൽ നിയമിച്ചതായി അദ്ദേഹം അറിയിച്ചു. 60 വയസ്സിനു മുകളിലുള്ളവരുടെ ജില്ലതിരിച്ചുള്ള പട്ടിക തയ്യാറാ ക്കിയതായും ഇവരിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കും തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന ആൾക്കാരുടെ എണ്ണം ലിംഗനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3 നിരകളായി ഡോക്ടർമാരെ സജ്ജമാക്കിയതായും അറിയിച്ചു. മെഡിക്കൽ വിദ്യാഭ്യാ സ വകുപ്പിന്റെ കീഴിൽ ലഭ്യമായ കിടക്കകളുടെയും വെന്റിലേറ്ററുകളുടെയും, ഐ സി യു വിന്റെയും വിവരങ്ങളും അവിടെ ലഭ്യമായ മറ്റ് രോഗ പ്രതിരോധ ഉപകരണങ്ങളുടെ യും കണക്ക് അവതരിപ്പിച്ചു. കെ എം എസ് സി എൽ വഴി ലഭ്യമായ രോഗപ്രതിരോധ ഉപകരണങ്ങളുടെ കണക്ക് ജില്ല തിരിച്ച് അവതരിപ്പിച്ചു. കേരളത്തിൽ നിലവിൽ 6 ലാബു കളിൽ ടെസ്റ്റിംഗ് ആരംഭിച്ചതായും മറ്റ് മൂന്ന് ലാബുകൾ ഇന്ന് വൈകിട്ടോടെ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിച്ചു.

അവസാനവർഷ റിസൾട്ട് വന്നതോടെ 2743 ഹൗസ് സർജന്മാർ അവരുടെ വീടിനടു ത്തുള്ള ആശുപത്രികളിൽ നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്നും – ഇവർക്ക് അതതു ജില്ലകളിലെ ഡി എം ഒ ആഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നട പടി സ്വീകരിക്കണമെന്നും പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ബി ഇക്ബാൽ അഭിപ്രായ പ്പെട്ടു. വീടുകൾക്കുള്ളിൽ സാമൂഹിക അകലം പാലിക്കുന്നതിനായി പി ആർ ഡി പരസ്യ ങ്ങൾ കൊടുക്കണമെന്നും ദിവസേനയുള്ള പത്രസമ്മേളനത്തിൽ ആരോഗ്യ പ്രവർത്ത കരെ അഭിനന്ദിക്കുന്നത് നല്ലതായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

റാപ്പിഡ് ടെസ്റ്റുകൾക്കായി ഓർഡർ നൽകിയിട്ടുണ്ട് എന്ന് അദ്ദേഹം അറിയിച്ചു.